# അടിമാലി ഗ്രാമപഞ്ചായത്ത്

| |
|---|
| വിസ്തൃതി – 2715 ച.കി.മി |
| കുടുംബങ്ങൾ – 10368 |
| ജനസംഖ്യ – 40,000 |

മുൻകാലങ്ങളിൽ അടിമാലി ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ രണ്ട് വണ്ടികളിലായി ശേഖരിച്ച് പഞ്ചായത്തിന്റെ വിവിധ ഇടങ്ങളിൽ നിക്ഷേപിച്ച് മണ്ണിട്ടു മൂടുകയായിരുന്നു പതിവ്. വനപ്രദേശങ്ങളിലും നിക്ഷേപം നടത്തിയിരുന്നു. ഇങ്ങനെ പരിഹരിക്കപ്പെടാനാകാത്ത മാലിന്യത്തിന്റെ പ്രശ്നം അടിമാലിയിൽ ഒരു വലിയ ചർച്ചാ വിഷയമാകുകയും പുതിയ ഭരണ സമിതി അധികാരമേറിയ സമയത്ത് മാധ്യമം പത്രത്തിന്റെയും ശുചിത്വമിഷൻ, വ്യാപാരി വ്യവസായികൾ എന്നിവരുടെയും സഹകരണത്തോടെ സംവാദങ്ങളും ചർച്ചകളും സംഘടിപ്പിക്കുകയും മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് പഞ്ചായത്ത് ശുചിത്വമിഷനുമായി കൈകോർത്ത് കൊണ്ട് പദ്ധതി ആസൂത്രണങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മാലിന്യ നിക്ഷേപങ്ങൾ എങ്ങനെ ഒഴിവാക്കണം എന്ന വിഷയമാണ് തുടക്കത്തിൽ ചർച്ച ചെയ്യപ്പെട്ടത്. അതിനായി സമൂഹത്തിലെ വിവിധ മേഖലയിലുള്ള ആളുകളുമായി യോഗങ്ങൾ സംഘടിപ്പിച്ചു. പഴം, പച്ചക്കറി വ്യാപാരികൾ, ഹോട്ടൽ റസ്റ്റോറന്റ് അസോസിയേഷനുകൾ, ബാർബർമാർ, കാറ്ററിംഗ് സ്ഥാപനങ്ങൾ, ആഡിറ്റോറിയം ഉടമകൾ എന്നിവരുമായി വെവ്വേറെ സംസാരിച്ചു. ഇതിനെ തുടർന്ന് 2016 ആഗസ്റ്റ് മാസം 'ഗ്രീൻ അടിമാലി, ക്ലീൻ ദേവിയാർ' എന്ന പദ്ധതിയ്ക്ക് രൂപം നൽകി. അടിമാലിയിലൂടെ ഒഴുകുന്ന ചെറിയ പുഴയാണ് ദേവിയാർ. പുഴ ഏതാണ്ട് അന്യം നിന്ന സമയത്താണ് പ്രസ്തുത പദ്ധതിയ്ക്ക് രൂപം നൽകുന്നത്. ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളും ക്ലീൻ അടിമാലിയുടെ പ്രവർത്തനങ്ങളും പൊരുത്തപ്പെട്ടു പോകുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

'ഗ്രീൻ അടിമാലി, ക്ലീൻ ദേവിയാർ' പദ്ധതി തുടങ്ങിയപ്പോൾതന്നെ ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ, ആശാപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരെയൊക്കെ വിളിച്ചുചേർത്ത് വാർഡുതലത്തിൽ സമഗ്രമായ പരിശോധന നടത്തി, നിലവിലെ രീതികളും ന്യൂനതകളും മനസിലാക്കി.

## നിയമ നടപടികൾ കർക്കശമാക്കി

പൊതുസ്ഥലങ്ങളിലും പുഴയിലും ജലാശയങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരുടെ വ്യക്തമായ വീഡിയോ ചിത്രങ്ങൾ വാട്ട്സ് ആപ്പിലൂടെ ലഭ്യമാക്കുന്നവർക്ക് 2500 രൂപ പാരിതോഷികം നൽകുന്ന പദ്ധതിയും തുടക്കത്തിൽ പ്രഖ്യാപിച്ചു. പദ്ധതിയുടെ

രണ്ടാം ഘട്ടത്തിൽ പാരിതോഷിക തുക 5000 രൂപയാക്കി. പാരിതോഷിക പദ്ധതിയ്ക്ക് സാമൂഹ്യ മാധ്യമത്തിലൂടെ വൻപ്രചാരണം ലഭിക്കുകയുണ്ടായി.




കൂടാതെ മാലിന്യം നിക്ഷേപിക്കുന്നവരെ പിടിക്കുന്നതിന് മെമ്മറി കാർഡോഡുകൂടിയ നൈറ്റ് വിഷൻ ക്യാമറയും സ്ഥാപിച്ചു. കുറേപേരെ പിടിക്കുകയും പിഴ ഈടാക്കുകയും ചെയ്തു.

കേരള പഞ്ചായത്ത് രാജ് ചട്ടപ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയായി വരുന്നവർ ഖരമാലിന്യ സംസ്കരണ സംവിധാനം, മഴവെള്ള സംഭരണി/കിണർ റീചാർജ്ജിംഗ് എന്നിവ നിർബന്ധമായും ഏർപ്പെടുത്തിയിരിക്കണം എന്ന വ്യവസ്ഥ കർശനമാക്കി. ഇത് നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് പഞ്ചായത്ത് ഫീൽഡ് സ്റ്റാഫ് പരിശോധിച്ച ശേഷം മാത്രം കെട്ടിട നമ്പർ നൽകുന്നുള്ളൂ. ഇതിന് പുറമേ 14.08.2016 ൽ പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിലൂടെ എല്ലാ സ്ഥാപനങ്ങളും ജൈവമാലിന്യ സംവിധാനങ്ങളും അജൈവ മാലിന്യ ശേഖരണ സംവിധാനങ്ങളും ഏർപ്പെടുത്തിയിരിക്കണമെന്നും, അല്ലാത്തവയ്ക്ക് പ്രവർത്തനാനുമതി നൽകില്ലെന്നും, കെട്ടിട നമ്പർ റദ്ദു ചെയ്യുമെന്നും നിഷ്കർഷിച്ചു. ഈ വിജ്ഞാപനത്തിലൂടെ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചു. പ്രസ്തുത വിജ്ഞാപനം കഴിയുന്നത്ര വീടുകൾക്ക് അയൽ സഭയിലൂടെ എത്തിച്ച് കൈയൊപ്പ് വാങ്ങി. മാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നവർക്കെതിരെ കടുത്ത ശിക്ഷാനടപടികൾ കൈക്കൊള്ളുമെന്നും വിജ്ഞാപനത്തിൽ സൂചിപ്പിച്ചിരുന്നു. കൂടാതെ പ്ലാസ്റ്റിക് മാനേജമെന്റ് റൂൾസിന്റെ പിൻബലത്തിൽ 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് വിൽക്കുന്നുവെങ്കിൽ പഞ്ചായത്തിൽ 4000 രൂപ മാസം ഫീസടക്കണമെന്ന നിർദ്ദേശം കർശനമാക്കിയതിലൂടെ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ വിൽപ്പന ഇല്ലാതാക്കി. ഇതിനെല്ലാം പുറമേ പ്ലാസ്റ്റിക് ക്യാരി ബാഗുകളുമായി പോകുന്നവരെ നിരീക്ഷിച്ചു പിഴ ചുമത്തുകയും ഉറവിടം മനസ്സിലാക്കി നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളിലൂടെ പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായും ഇല്ലാതാക്കാൻ പഞ്ചായത്തിന് കഴിഞ്ഞു.



സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചു മാത്രമേ എല്ലാ സ്ഥാപനങ്ങളും മാലിന്യ സംസ്കരണ രീതികൾ അവലംബിക്കാവു എന്നും എങ്കിൽ മാത്രമേ ലൈസൻസ് നൽകൂ എന്നും നോട്ടീസ് നൽകി. നല്ലൊരു ശതമാനം പ്രധാന സ്ഥാപനങ്ങളും ഇതിനുള്ള സംവിധാനം ഒരുക്കി.

## മാലിന്യസംസ്കരണ സംവിധാനങ്ങൾ

- 1070 കുടുംബങ്ങൾക്ക് റിംഗ് കമ്പോസറ്റും 107 പേർക്ക് ബയോഗ്യാസ് പ്ലാന്റും നൽകി. ഉറവിടത്തിൽ മാലിന്യസംസ്കരണ സംവിധാനം ഒരുക്കാൻ സ്ഥലമില്ലാത്തവർക്കായി






തുമ്പൂർമുഴി മാതൃക ഏറോബിന്നുകളും സ്ഥാപിച്ചു.

- പഴം, പച്ചക്കറി വ്യാപാരികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അവരുടെ ജൈവമാലിന്യങ്ങൾ അവരവർ തന്നെ ഏറ്റവും അടുത്തുള്ള അനുയോജ്യമായ സ്ഥലത്ത് സംസ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

- 2017 ഒക്ടോബർ മാസം ഒരു പ്ലാസ്റ്റിക്ക് ഷ്രെഡിങ്ങ് യൂണിറ്റ് ഉദ്ഘാടനം ചെയ്തു. സമീപ പഞ്ചായത്തുകളിൽ നിന്നും ഷ്രെഡു ചെയ്യാനായി പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ശേഖരിക്കുന്നു.
- പരീക്ഷണാടിസ്ഥാനത്തിൽ ബസ് സ്റ്റാന്റ് പരിസരത്തു അജൈവ പാഴ്വസ്തുക്കൾ വേർതിരിച്ചു നിക്ഷേപിക്കാനായി വെവ്വേറെ ഇരുമ്പു ബിന്നുകൾ (എന്തു നിക്ഷേപിക്കണം എന്നെഴുതിയ അഴികളോടുകൂടിയത്) സ്ഥാപിച്ചു. ദിവസവും പഞ്ചായത്തു ജീവനക്കാർ അതിൽ നിന്നും പാഴ്വസ്തുക്കൾ ശേഖരിക്കുന്നു.




- പഞ്ചായത്തിൽ ആധുനിക ശ്മശാനവും, അറവുശാലയും പ്രവർത്തിക്കുന്നുണ്ട്.

## കാമ്പയിൻ പ്രവർത്തനങ്ങൾ

- ശുചിത്വമിഷൻ തയ്യാറാക്കിയ ശുചിത്വ പ്രതിജ്ഞ കുട്ടികളിലൂടെ എല്ലാ വീടുകളിലും എത്തിച്ചു കൊടുത്തു. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കും, മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയില്ല, എല്ലാ വെള്ളിയാഴ്ചയും ഡ്രൈ ഡേ ആചരിക്കും, പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കില്ല തുടങ്ങിയ സന്ദേശങ്ങൾ അടങ്ങിയതാണ് പ്രതിജ്ഞ. ശുചിത്വ പ്രതിജ്ഞാ നോട്ടീസിൽ പഞ്ചായത്ത് സംഘടിപ്പിച്ച ഖരമാലിന്യ ഉപാധികളുടെ പ്രദർശനത്തെ പറ്റി പ്രതിപാദിക്കുകയും ആവശ്യക്കാർക്ക് നേരിട്ടു വന്നുകണ്ടു മനസ്സിലാക്കി ബുക്കു ചെയ്യാവുന്നതാണെന്നും അറിയിച്ചു.




- പൊതു ഇടങ്ങളിൽ സന്ദേശങ്ങൾ ചുമരെഴുത്തു നടത്തി പ്രദർശിപ്പിച്ചു. കൂടാതെ എല്ലാ പ്രധാന സൈൻബോർഡുകളിലും 'ക്ലീൻ അടിമാലി, ഗ്രീൻ ദേവിയാർ' എന്ന് ഉൾപ്പെടുത്തി പ്രചാരണം നൽകി.
- സ്കൂളുകൾ കേന്ദ്രീകരിച്ച് 'മൈ പ്ലാസ്റ്റിക് പദ്ധതി' നടപ്പിലാക്കി. കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് പാഴ്വസ്തുക്കൾ ശേഖരിച്ചു കൊണ്ടുവരാൻ കുട്ടികളെ പ്രോത്സാഹിപ്പിച്ചു. നല്ലരീതിയിൽ പദ്ധതി നടപ്പിലാക്കിയ സ്കൂളുകൾക്ക് പാരിതോഷികവും ഏർപ്പെടുത്തി.

## ഗ്രീൻപ്രോട്ടോക്കോൾ

- കുടുംബശ്രീ വഴി തുണി സഞ്ചി ഉണ്ടാക്കി ഒന്നിന് 40 രൂപയ്ക്ക് നിരക്കിൽ കടകളിൽ ലഭ്യമാക്കുന്നു.

- ഗ്രീൻ പ്രോട്ടോക്കോൾ പഞ്ചായത്തിലുടനീളം നിർബന്ധമായും പാലിക്കണമെന്ന് എല്ലാ സ്ഥാപനങ്ങളിലും സ്കൂളുകളിലും നിർദ്ദേശം നൽകി. കാറ്ററിംഗ് സ്ഥാപനങ്ങൾ ഒരു തരത്തിലുമുള്ള ഡിസ്പോസിബിൾ സാധനങ്ങളും നൽകരുതെന്ന് കർശനമായി നിർദ്ദേശിച്ചു.
- പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോളിലേക്കു മുന്നേറാനാണ് പഞ്ചായത്തിന്റെ ശ്രമം. എല്ലാ ഓഡിറ്റോറിയങ്ങളിലും ''ഈ ഓഡിറ്റോറിയത്തിൽ ഡിസ്പോസിബിൾ പ്ലേറ്റ്, ഗ്ലാസ്സ് തുടങ്ങി യാതൊരു വിധ ഡിസ്പോസിബിൾ വസ്തുക്കളും ഉപയോഗിക്കാൻ പാടില്ല'' എന്ന ബോർഡും സ്ഥാപിച്ചു. നിയമ ലംഘകർക്കെതിരെ കർശന നടപടികൾ സ്വീകരിക്കും എന്നും ആലേഖനം ചെയ്തു. എല്ലാ ഓഡിറ്റോറിയങ്ങളും നിർദ്ദേശം പാലിക്കുന്നു.

## സവിശേഷതകൾ

- മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ കർശനമായ ശിക്ഷാനടപടികളും, വലിച്ചെറിയുന്നവരെ കണ്ടെത്താൻ സഹായിക്കുന്നവർക്ക് പാരിതോഷികവും
- 'ക്ലീൻ കേരള, ഗ്രീൻ ദേവിയാർ' മാലിന്യ സംസ്കരണ പദ്ധതിയ്ക്കായി വിവിധ മാധ്യമങ്ങളിലൂടെയുള്ള വ്യാപക പ്രചാരണം
- പൊതുയിടങ്ങളിൽ അജൈവ പാഴ്വസ്തുക്കൾ വേർതിരിച്ച് നിക്ഷേപിക്കാനായി വെവ്വേറെ ഇരുമ്പ് ബിന്നുകൾ
- സ്കൂളുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന 'മൈ പ്ലാസ്റ്റിക് പദ്ധതി' കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് പാഴ് വസ്തുക്കൾ ശേഖരിച്ച് കൊണ്ട് വരാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. നല്ല രീതിയിൽ നടപ്പിലാക്കുന്ന സ്കൂളുകൾക്ക് പാരിതോഷികം

## പാഠങ്ങൾ

- പൊതുജനങ്ങളിൽ അനുകൂലമായ പെരുമാറ്റ രീതികൾ കൊണ്ടുവരുന്നതിൽ ശിക്ഷാ നടപടികൾക്ക് വലിയ സ്ഥാനമുണ്ട്.
- മാലിന്യം വലിച്ചെറിയുന്നവരെ കണ്ടുപിടിക്കുന്നതിന് പൊതുജനങ്ങൾക്ക് പാരിതോഷികമേർപ്പെടുത്തിയത് നിയമലംഘകരെ കണ്ടെത്തുന്നതിന് വളരെയധികം സഹായിച്ചു.

## സ്വീകരിക്കാവുന്നവ

- നിയമ ലംഘകരെ പൊതുജനങ്ങളുടെ സഹായത്തോടെ ശിക്ഷിക്കുന്നത്, ഇതിനായി നവമാധ്യമങ്ങളുടെ ഉപയോഗം
- വീടുകളിൽ ഖരമാലിന്യ സംസ്കരണ സംവിധാനവും മഴവെള്ളക്കിണർ റീചാർജ്ജിംഗ് എന്നിവ നിർബന്ധമാക്കികൊണ്ട് ലൈസൻസ് നൽകാനുള്ള കർശനമായ മാനദണ്ഡം
- സമസ്ത മേഖലയിലും ഗ്രീൻ പ്രോട്ടോകോൾ കാറ്ററിംഗ് സ്ഥാപനങ്ങൾ ഒരു തരത്തിലുമുള്ള ഡിസ്പോസിബിൾ സാധനങ്ങൾ നൽകരുതെന്ന് കർശന നിർദ്ദേശം
- സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിൽ ദ്രവമാലിന്യ പരിപാലന സംവിധാനം ഒരു നിർബന്ധ മാനദണ്ഡം

## പരിഹാരം തേടുന്നത്

- വിനോദ സഞ്ചാരികൾ മാലിന്യം വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നത്